**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 69 | **28.05.2019- ൽ മറുപടിക്ക്**

**പ്രളയാനന്തര പുനർനിർമ്മാണം**

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ : | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കേരളത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളിലും വികസനദൗത്യങ്ങളിലും സഹകരിക്കാമെന്ന് യു.എ.ഇ. സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ;<br>(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് യു.എ.ഇ. സഹകരണം ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ)<br>&<br>(ബി) | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ അടക്കമുള്ള രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അനുമതി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ഏതെങ്കിലും വിദേശ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെ പ്രളയവുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തുകൊണ്ടുള്ള കത്തുകളോ പ്രൊപ്പോസലുകളോ ലഭിച്ചിട്ടില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**